7987
26/8/20

File No.HEDN-F2/80/2020-HEDN

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - മലപ്പുറം സർക്കാർ കോളേജിൽ അനുവദിച്ചിരുന്ന ഏക ഫുഡ് സയൻസ് അധ്യാപക തസ്തിക റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ഉന്നത വിദ്യാഭ്യാസ (എഫ്)വകുപ്പ്

സ.ഉ.(കൈ) നം.278/2020/ഉ.വി.വ    തീയതി,തിരുവനന്തപുരം, 08/08/2020

---

പരാമർശം:- 1 സ.ഉ(കൈ)നം.171/2009/ഉ.വി.വതീയതി 01.10.2009

2 മലപ്പുറം സർക്കാർ കോളേജ് പ്രിൻസിപ്പലിന്റെ 26.06.2019 - ലെ ബി2/1723/2018 നമ്പർ കത്ത്.

3 കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 28.06.2019 - ലെ പി1/48810/2019/ കോ.വി.വ നമ്പർ കത്ത്.

4 സ.ഉ(കൈ)നം.102/2020/ഉ.വി.വ തീയതി 03.03.2020.

5 സർക്കാർ കത്ത് നമ്പർ എഫ് 2/80/2020/ഉ.വി.വ തീയതി 07.03.2020.

<u>ഉത്തരവ്</u>

1999-2000 വർഷത്തിൽ മലപ്പുറം സർക്കാർ കോളേജിൽ അനുവദിച്ചിരുന്ന ബി.എസ്.സി കെമിസ്ട്രി കോഴ്സിന്റെ സബ്സിഡിയറി വിഷയങ്ങൾ ഫുഡ് സയൻസും മാത്തമാറ്റിക്സുമാണ്. അതിനാൽ ടി കോളേജിൽ ഒരു ഫുഡ് സയൻസ് അധ്യാപക തസ്തിക പരാമർശം(1)പ്രകാരം അനുവദിച്ചിരുന്നു.

2. സാധാരണയായി ബി.എസ്.സി കെമിസ്ട്രി കോഴ്സിന് ഫിസിക്സും മാത്തമാറ്റിക്സുമാണ് സബ്സിഡിയറി വിഷയങ്ങളായി ഉണ്ടാകാറുള്ളതെന്നും ഫിസിക്സിന് പകരം ഫുഡ് സയൻസ് ആയതിനാൽ കോഴ്സ് പൂർത്തീകരിച്ച് ഇറങ്ങുന്ന വിദ്യാർത്ഥികൾ അവരുടെ ഉപരിപഠനത്തിനും തൊഴിലവസരത്തിനും വലിയ അവഗണയും പ്രയാസവും നേരിടുന്നുണ്ടെന്നും, അതിനാൽ ബി.എസ് .സി കെമിസ്ട്രി കോഴ്സിന്റെ ഉപവിഷയം ഫുഡ് സയൻസ് മാറ്റി പകരം ഫിസിക്സ് അനുവദിക്കണമെന്ന് മലപ്പുറം സർക്കാർ കോളേജ് പ്രിൻസിപ്പൽ  പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. മലപ്പുറം സർക്കാർ കോളേജിലെ ബി.എസ്.സി കെമിസ്ട്രി കോഴ്സിന്റെ സബ്സിഡിയറിയായ ഫുഡ് സയൻസ് മാറ്റി പകരം ഫിസിക്സ് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കുകയും, പരാമർശം (1) പ്രകാരം അനുവദിച്ചിരുന്ന ഫുഡ് സയൻസ് അധ്യാപക തസ്തികയിലേക്ക് ഇത് വരെയും നിയമനം നടത്തിയിട്ടില്ലെന്ന് അറിയിക്കുകയും ചെയ്തിരുന്നു.

4. തുടർന്ന് പരാമർശം (4) ഉത്തരവ് പ്രകാരം, മലപ്പുറം സർക്കാർ കോളേജിൽ പരാമർശം (1) പ്രകാരം അനുവദിച്ചിരുന്ന ഫുഡ് സയൻസ് അധ്യാപക തസ്തിക റദ്ദ് ചെയ്യുന്നതിന് വിധേയമായി ടി കോളേജിൽ ബി.എസ്.സി കെമിസ്ട്രി കോഴ്സിന്റെ സബ്സിഡിയറിയായ ഫുഡ് സയൻസിന് പകരം ഫിസിക്സ് അനുവദിച്ചിരുന്നു. ഫുഡ് സയൻസ് അധ്യാപക തസ്തികയിലേക്കുള്ള നിയമന നടപടികൾ താൽക്കാലികമായി നിർത്തിവെയ്ക്കാൻ കേരള പബ്ലിക്ക് സർവീസ് കമ്മീഷൻ സെക്രട്ടറിക്കും ,കോളേജ് വിദ്യഭ്യാസ ഡയറക്ടർക്കും പരാമർശം (5) പ്രകാരം നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

5. സർക്കാർ ഇക്കാര്യം  വിശദമായി പരിശോധിച്ചു. മലപ്പുറം സർക്കാർ കോളേജിൽ അനുവദിച്ചിട്ടുള്ള

File No.HEDN-F2/80/2020-HEDN

ബി.എസ്.സി കെമിസ്ട്രി കോഴ്സിന്റെ സബ്സിഡിയറി വിഷയം ഫുഡ് സയൻസ് മാറ്റി പകരം ഫിസിക്സ് അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ, ടി കോളേജിൽ പരാമർശം (1) ഉത്തരവ് പ്രകാരം അനുവദിച്ചിരുന്ന ഏക ഫുഡ് സയൻസ് അധ്യാപക തസ്തിക റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ.ഉഷ ടൈറ്റസ്**

**പ്രിൻസിപ്പൽ സെക്രട്ടറി**

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ, സർക്കാർ കോളേജ് , മലപ്പുറം
സെക്രട്ടറി, കേരള പബ്ലിക്ക് സർവീസ് കമ്മീഷൻ , തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ധനകാര്യ വിദ്യാഭ്യാസ (ബി) വകുപ്പ് (03.06.2020 - ലെ EDN -B3/74/2020/FIN - നമ്പർ കുറിപ്പ് പ്രകാരം )
പൊതുഭരണ (എസ്.സി) വകുപ്പ് (05.08.2020 - ലെ
4139 -ാം നമ്പർ ഇനം പ്രകാരം )
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)
നോഡൽ ഓഫീസർ, www.highereducation.kerala.gov.in
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:

1.ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2.ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്

3.ഉന്നത വിദ്യാഭ്യാസ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

4513993/2020/(F) (H.Edn)

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 05-08-2020

ഫയൽ നം. എഫ്2/80/2020/ഉ.വി.വ. ഇനം നം: 4139

വിഷയം : ഉന്നത വിദ്യാഭ്യാസ വകുപ്പ് - മലപ്പുറം സർക്കാർ കോളേജിൽ അനുവദിച്ചിരുന്ന ഏക ഫുഡ് സയൻസ് അധ്യാപക തസ്തിക റദ്ദ് ചെയ്യുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

5/8/2020

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.

5/8

Dr. USHA TITUS
Principal Secretary
Higher Education Department
Government of Kerala

JS (Hari)

# കേരള സർക്കാർ

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എഫ്2/80/2020/ഉ.വി.വ |
| 2 | വകുപ്പ് | : | ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ് |
| 3 | വിഷയം | : | മലപ്പുറം സർക്കാർ കോളേജിൽ അനുവദിച്ചിരുന്ന ഏക ഹ്യൂഡ് സയൻസ് അധ്യാപക തസ്തിക റദ്ദ് ചെയ്യുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 24/06/2020 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : | ഇല്ല |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, | | ഉണ്ട് |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ഹരികുമാർ.ജി |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ഡോ. ഉഷ ടൈറ്റസ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 21.07.2020 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 27.07.2020 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ഡോ.കെ.ടി.ജലീൽ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 27.07.2020 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 30.07.2020 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

മലപ്പുറം സർക്കാർ കോളേജിൽ സ.ഉ(കൈ)നം.171/2009/ഉ.വി.വ തീയതി 01.10.2009 ഉത്തരവ് പ്രകാരം അനുവദിച്ചിരുന്ന ഏക ഫുഡ് സയൻസ് അധ്യാപക തസ്തിക റദ്ദ് ചെയ്യുന്ന വിഷയമാണ് ഈ കുറിപ്പിൽ പരാമർശിക്കുന്നത്.

2. 1999-2000 വർഷം മലപ്പുറം സർക്കാർ കോളേജിൽ ആരംഭിച്ച ബി.എസ്.സി കെമിസ്ട്രി കോഴ്സിന്റെ സബ്സിഡിയറി വിഷയങ്ങൾ ഫുഡ് സയൻസും, മാത്തമാറ്റിക്സുമാണ്. സാധാരണയായി ബി.എസ്.സി കെമിസ്ട്രി കോഴ്സിന് ഫിസിക്സും മാത്തമാറ്റിക്സുമാണ് സബ്സിഡിയറി വിഷയങ്ങളായി ഉണ്ടാവാറുള്ളത്. ഫിസിക്സിന് പകരം ഫുഡ് സയൻസ് ആയതിനാൽ കോഴ്സ് പൂർത്തീകരിച്ച് ഇറങ്ങുന്ന വിദ്യാർത്ഥികൾ അവരുടെ ഉപരി പഠനത്തിനും, തൊഴിലവസരത്തിനും വലിയ അവഗണനയും, പ്രയാസവും നേരിടുന്നുണ്ടെന്നും, അതിനാൽ ബി.എസ്.സി കെമിസ്ട്രി കോഴ്സിന്റെ ഉപവിഷയം ഫുഡ് സയൻസ് മാറ്റി പകരം ഫിസിക്സ് ഉപവിഷയമായി അനുവദിക്കണമെന്ന് മലപ്പുറം സർക്കാർ കോളേജ് പ്രിൻസിപ്പാൾ അപേക്ഷിച്ചിരുന്നു. മലപ്പുറം സർക്കാർ കോളേജിലെ ബി.എസ്.സി കെമിസ്ട്രി കോഴ്സിന്റെ സബ്സിഡിയറിയായ ഫുഡ് സയൻസ് മാറ്റി പകരം ഫിസിക്സ് അനുവദിക്കണമെന്ന പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കുകയും സ.ഉ(കൈ)നം.171/2009/ഉ.വി.വ തീയതി 01.10.2009 ഉത്തരവ് പ്രകാരം മലപ്പുറം സർക്കാർ കോളേജിൽ ഫുഡ് സയൻസ് തസ്തിക അനുവദിച്ചിരുന്നെങ്കിലും, ടി തസ്തികയിലേക്ക് ഇതുവരെയും നിയമനം നടത്തിയിട്ടില്ലെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ സ.ഉ(കൈ)നം.171/2009/ഉ.വി.വ തീയതി 01.10.2009 ഉത്തരവ് പ്രകാരം മലപ്പുറം സർക്കാർ കോളേജിൽ അനുവദിച്ചിരുന്ന ഫുഡ് സയൻസ് അധ്യാപക തസ്തിക റദ്ദ് ചെയ്യുന്നതിന് വിധേയമായി ടി കോളേജിൽ ബി.എസ്.സി കെമിസ്ട്രി കോഴ്സിന്റെ ഉപവിഷയമായ ഫുഡ്

സയൻസിന് പകരം ഫിസിക്സ് അനുവദിച്ച് കൊണ്ട് 03.03.2020 - ലെ സ.ഉ(കൈ) നം.102/2020/ഉ.വി.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് മലപ്പുറം സർക്കാർ കോളേജിൽ അനുവദിച്ചിരുന്ന ഫുഡ് സയൻസ് അധ്യാപക തസ്തികയിലേക്കുള്ള നിയമന നടപടികൾ താൽക്കാലികമായി നിർത്തിവെയ്ക്കാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയ്ക്കും, കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കും നിർദ്ദേശം നല്കിയിട്ടുണ്ട്.

4. മേൽ വിഷയത്തിൽ ധനകാര്യ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

*"മലപ്പുറം സർക്കാർ കോളേജിൽ സ.ഉ(കൈ)നം. 171/2009/ഉ.വി.വ തീയതി 01.10.2009 ഉത്തരവ് പ്രകാരം അനുവദിച്ചിരുന്ന ഫുഡ് സയൻസ് അധ്യാപക തസ്തിക റദ്ദ് ചെയ്യുമ്പോൾ, അധിക തസ്തിക സൃഷ്ടിക്കലിന്റെ ആവശ്യമില്ലെന്നുള്ള ഭരണവകുപ്പ് ഫയലിലെ ഉന്നതതല ശുപാർശയുടെയടിസ്ഥാനത്തിൽ(പേജ്-49), ബഹു.മന്ത്രിസഭയുടെ അംഗീകാരത്തോട് കൂടി ടി തസ്തികകൾ റദ്ദ് ചെയ്യുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകുന്നു."*

*ഈ തീരുമാനത്തിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരവുമുണ്ട്."*

5. ഇക്കാര്യം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട കാര്യം

സ.ഉ(കൈ)നം.171/2009/ഉ.വി.വ തീയതി 01.10.2009 ഉത്തരവ് പ്രകാരം മലപ്പുറം സർക്കാർ കോളേജിൽ അനുവദിച്ചിരുന്ന ഒരു ഫുഡ് സയൻസ് അധ്യാപക തസ്തിക റദ്ദ് ചെയ്യാവുന്നതാണോ?

117

119

# GOVERNMENT OF KERALA

ABSTRACT

Higher Education - Collegiate Education Department - Creation of 29 Lecturer posts in Government Arts and Science Colleges under Collegiate Education Department -sanctioned - Orders issued.

HIGHER EDUCATION (F) DEPARTMENT

G.O.(Ms) No. 171/09/HEdn. Dated, Thiruvananthapuram 1/10/2009.

*Read:-* 1. GO (Ms) 162/99/HEdn dated 6/12/99

2. Letter No. A1-38127/05/Coll.Edn dated 19/11/08 of Director of Collegiate Education, Thiruvananthapuram.

## ORDER

As per Government Order read above, sanction was accorded for starting 46 new courses in 34 Government Arts and Science Colleges during the academic year 1999-2000. It was stipulated in the said GO that the expenditure should not exceed the budget allotment for the purpose on any account. Due to this rider in the G.O, creation of the Lecturer posts could not be ordered for the sanctioned courses in many Colleges. Consequent to this, Guest Lecturers have been engaged in these Colleges for conducting the courses to ensure that students do not suffer. Given the fact that engaging Guest Lecturer for quite a long period is not in the best interest of the students, DCE submitted a proposal for the creation of 34 Lecturer posts in various subjects in various Government Arts and Science Colleges pursuant to GO (Ms) 162/99/HEdn dated 6.12.99 based on the workload for each subject in keeping with the UGC guidelines and State Government norms from time to time.

(2) Government having examined the proposal in details are pleased to accord sanction for the creation of following 29 Lecturer posts in various Government Arts and Science Colleges for the subjects as shown below.

| Sl. No. | Name of College | Posts sanctioned | No. of post created |
|---|---|---|---|
| 1. | Government College, Kattappana | Lecturer (Malayalam)<br><br>Lecturer (Maths) | 1<br><br>1 |
| 2. | KKTM Government College, Pulloottu | Lecturer (Computer Science) | 2 |
| 3. | Government College Koyilandy | Lecturer (Computer Science)<br><br>Lecturer (Physics) | 1<br><br>2 |

| | | | |
|---|---|---|---|
| 4. | KMM Women's College, Kannur | Lecturer (Computer Science)<br><br>Lecturer (Maths) | 2<br><br>2 |
| 5. | Government College, Chittoor | Lecturer (Computer Science)<br><br>Lecturer (Electronics) | 1<br><br>4 |
| 6. | KNM Government College, Kanjiramkulam | Lecturer (Maths) | 2 |
| 7. | Government College, Mananthavadi | Lecturer (Maths)<br><br>Lecturer (Electronics) | 1<br><br>3 |
| 8. | Government College, Elerithattu | Lecturer (English) | 1 |
| 9. | Government College, Malappuram | Lecturer (Food Science) | 1 |
| 10. | Government College, Karyavattom | Lecturer (Chemistry) | 2 |
| 11. | Government Brennen College, Thalassery | Lecturer (Economics) | 1 |
| 12. | Government College, Kalpetta | Lecturer (Journalism) | 2 |
| | | TOTAL | 29 |

(3) The expenditure on account of the creation of above 29 Lecturer posts will be met from the Head of Account 2202-03-103-99-salaries NP.

(By Order of the Governor)

KURUVILLA JOHN
PRINCIPAL SECRETARY

To

The Director of Collegiate Education, Thiruvananthapuram.
The Principal Accountant General (Audit)/(A & E) Kerala, Thiruvananthapuram
[This issues with the concurrence of Finance Department]
The Principal of Government Arts and Science College concerned (through DCE)
Finance Department [vide U.O No. 38533/Edn. B3/09/Fin dated 25.8.09]
GA (SC) Department vide item No. 3773 dated 30/09/2009
Higher Education (C) Department
PS to Minister (Edn & C)
PA to Principal Secretary, Higher Education Department
SF/ OC

Forwarded/By Order

Section Officer